കൂടാതെ പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നുണ്ട്. സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുമ്പോൾ പ്ലാറ്റ്ഫോമിലും ട്രെയിനിലും ഡ്യൂട്ടിയിലുള്ള മറ്റ് പോലീസുകാരും വനിതാ കമ്പാർട്ട്മെന്റിന് സമീപംവന്ന് പരിശോധന നടത്തുകയും ചെയ്യുന്നു. അത്യാവശ്യഘട്ടങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സഹായം ആവശ്യപ്പെടുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തുന്നുണ്ട്. ഇതിനുപുറമേ റെയിൽവേ സ്റ്റേഷന് പുറത്തുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾവഴിയും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രെയിൻ യാത്രികരുടെ സുരക്ഷയ്ക്കുവേണ്ടി കേരള റെയിൽവേ പോലീസിലെ പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ ലോക്കൽ പോലീസിൽനിന്നും വനിതാ പോലീസുകാരെ വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിലും നിയോഗിച്ചിട്ടുണ്ട്. ട്രെയിൻ യാത്രക്കാർക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് മറ്റ് യൂണിറ്റുകളിൽനിന്നും ലോക്കൽ പോലീസുകാരുടെ സേവനംകൂടി ഇപ്പോൾ ചാക്രികാടിസ്ഥാനത്തിൽ ട്രെയിനുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലോടുന്ന എല്ലാ പാസഞ്ചർ ട്രെയിനുകളിലും ലേഡീസ് കോച്ചുകൾ ഇപ്പോൾ മദ്ധ്യഭാഗത്തായാണ് ഏർപ്പെടുത്തിയിരിക്കുന്നത്. എക്സ്പ്രസ് ട്രെയിനുകളിൽ കോച്ചുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന വെസ്റ്റിബ്യൂൾ ഉള്ളതുകാരണം ലേഡീസ് കോച്ച് ട്രെയിനിന്റെ മദ്ധ്യഭാഗത്ത് ഏർപ്പെടുത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും ആയവ പരിശോധിച്ച് വരികയാണെന്നും റെയിൽവേയിൽനിന്നും അറിഞ്ഞിട്ടുണ്ട്.

ക്വാറികൾക്കും ക്രഷറുകൾക്കും അനുമതി നൽകുന്നതിന്റെ മാനദണ്ഡങ്ങൾ

72 (6523) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്വാറികളും ക്രഷറുകളും ഗ്രാനൈറ്റ് ഖനനകേന്ദ്രങ്ങളും പ്രവർത്തിക്കുവാൻ മലിനീകരണനിയന്ത്രണ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ ;

(ബി) എങ്കിൽ അനുമതി നൽകാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുമതി നൽകുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്ന പ്രകാരമാണ്.

ക്വാറികൾക്കുള്ള മാനദണ്ഡങ്ങൾ :

1. ഖനനം നടത്തുന്ന ക്വാറിയുടെ ബൗണ്ടറിയിൽനിന്നും ഗാർഹിക കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, പൊതുകെട്ടിടങ്ങൾ, വാഹനസഞ്ചാരമുള്ള പൊതുവഴി, നദി, കുളം, റെയിൽവേ ലൈൻ, പാലം എന്നിവയിലേക്ക് വേണ്ടുന്ന കുറഞ്ഞ ദൂരപരിധി - 100 മീ. വേണം.

LIBRARY ARCHIVES Kerala Legislative Assembly

2. എക്സ്പോസ്ഡ് പാറ മാത്രമേ ഖനനം ചെയ്യാൻ പാടുള്ളൂ.

3. ക്വാറിയിംഗിന് മുൻപായി ബൗണ്ടറി ഫെൻസ് ചെയ്യണം.

4. ക്വാറിക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽനിന്നുള്ള പെർമിറ്റ് നിലവിലുള്ള സമയത്തുമാത്രമേ ബോർഡിന്റെ അനുമതി നിലനിൽക്കൂ.

5. പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള ഡി & ഒ ലൈസൻസ് നേടിയിട്ടുള്ള ക്വാറികൾ മാത്രമേ പ്രവർത്തിപ്പിക്കാൻ പാടുള്ളൂ.

6. പൊടിയുടെ പരിധിയും ശബ്ദപരിധിയും സംബന്ധിച്ച ചട്ടങ്ങൾ പാലിച്ചിരിക്കണം.

7. മൈനിംഗ് ആന്റ് ജിയോളജിയുടെ അനുമതി ഹാജരാക്കിയാൽ മാത്രമേ മലിനീകരണനിയന്ത്രണ ബോർഡിന് ക്വാറികൾക്ക് അനുമതി നൽകുകയുള്ളൂ.

<u>ക്രഷറുകൾക്കുള്ള മാനദണ്ഡങ്ങൾ സൈറ്റ് സ്യൂട്ടബിലിറ്റി :</u>

1. ക്രഷർ യൂണിറ്റിന്റെ സെന്ററിൽനിന്നും വീടുകൾ, പബ്ലിക് കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ എന്നിവയുടെ അതിരിലേക്ക് 200 മീറ്റർ ദൂരം പാലിച്ചിരിക്കണം.

2. മേൽ നിബന്ധന പാരിസ്ഥിതിക ഘടകങ്ങൾ അനുകൂലമായതും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ശബ്ദം, പൊടി എന്നിവ നിയന്ത്രിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുള്ളതും 40 സെ.മീ. കനമുള്ള സോളിഡ് ഭിത്തി, ഫാൾസ് റൂഫിംഗ്, ഡസ്റ്റ് എക്സ്ട്രാക്ഷൻ, വാട്ടർ ഇംപിഞ്ച്മെന്റ് ആന്റ് സെറ്റിലിംഗ് സംവിധാനം എന്നിവ ഒരുക്കിയിട്ടുള്ളതുമായ ക്രഷറുകൾക്ക് 150 മീറ്റർ എന്നതിലേക്ക് ദൂരപരിധി ചുരുക്കാവുന്നതാണ്.

3. ക്രഷറിന്റെ സെന്റർ മുതൽ അടുത്ത ക്രഷറിന്റെ സെന്റർവരെ കുറഞ്ഞത് 100 മീറ്റർ ദൂരപരിധി ഉണ്ടായിരിക്കണം.

4. ക്രഷറിന്റെ സെന്ററിൽനിന്നും സ്റ്റേറ്റ്/നാഷണൽ ഹൈവേവരെ 200 മീറ്റർ ദൂരപരിധി വേണം. (ii)-ൽ പ്രതിപാദിക്കുന്ന തരത്തിൽ സംവിധാനമുണ്ടെങ്കിൽ ഇത് 150 മീറ്ററായി ചുരുക്കാം.

5. 30 എച്ച്. പി.-ക്ക് മുകളിൽ കപ്പാസിറ്റിയുള്ള ക്രഷർ സ്ഥാപിക്കണമെങ്കിൽ അപേക്ഷകന് സ്വന്തമായി കുറഞ്ഞത് ഒരു ഹെക്ടർ സ്ഥലം ഉണ്ടായിരിക്കണം. 30 എച്ച്.പി.യോ അതിൽ താഴെയോ കപ്പാസിറ്റിയുള്ള ക്രഷറിന് 0.5 ഹെക്ടർ സ്ഥലം ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

6. ക്രഷർ അപേക്ഷകന്റെ സ്വന്തം സ്ഥലത്ത് സ്ഥാപിക്കേണ്ടതും ക്രഷറിന്റെ (30 എച്ച്. പി.-ക്ക് മുകളിൽ കപ്പാസിറ്റിയുള്ള) സെന്റർ മുതൽ ക്രഷർ ബൗണ്ടറിവരെ കുറഞ്ഞത് 50 മീറ്റർ ദൂരവും പാലിക്കണം. 30 എച്ച്. പി. യോ അതിൽ താഴെയോ കപ്പാസിറ്റിയുള്ള ക്രഷറിന് സെന്ററിൽനിന്ന് ക്രഷർ ബൗണ്ടറിവരെ കുറഞ്ഞത് 30 മീറ്റർ ദൂരവും പാലിക്കണം.

7.) ക്രഷറിനായി (30 എച്ച്.പി.-ക്ക് മുകളിൽ കപ്പാസിറ്റിയുള്ള) കുറഞ്ഞത് 10,000 ലി./ദിവസം എന്ന തോതിൽ ജലം ഉപയോഗിക്കുന്നതിനുള്ള സമിരമായ സംവിധാനം ഉണ്ടായിരിക്കണം. 30 എച്ച് പി.യോ അതിൽ താഴെയോ കപ്പാസിറ്റിയുള്ള ക്രഷറുകൾക്ക് 6000 ലി./ദിവസം എന്ന തോതിൽ ജലം ലഭ്യമായിരിക്കണം.

മലിനീകരണനിയന്ത്രണ ഉപാധികൾ :

ക്രഷർ 23 സെ.മീ. കനമുള്ള സോളിഡ് ഭിത്തിയും തൃപ്തികരമായ മേൽക്കൂരയുള്ള കെട്ടിടത്തിൽ സ്ഥാപിക്കണം. മേൽപ്പറഞ്ഞ ദൂരപരിധി മാനദണ്ഡം 150-200 മീറ്റർ എന്ന തോതിലാണെങ്കിൽ, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ശബ്ദം, പൊടി എന്നിവ നിയന്ത്രിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുള്ളതും 40 സെ.മീ. കനമുള്ള സോളിഡ് ഭിത്തി, ഫാൾസ് റൂഫിംഗ്, ഡസ്റ്റ് എക്സ്ട്രാക്ഷൻ, വാട്ടർ ഇംപിഞ്ചിമെന്റ് ആന്റ് സെറ്റിലിംഗ് സംവിധാനം എന്നിവ ആവശ്യമാണ്.

1. പൊടി അമർച്ച ചെയ്യുന്നതിനും വെള്ളം സ്പ്രേ ചെയ്യുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കി തൃപ്തികരമായി പ്രവർത്തിപ്പിക്കണം.

2. ക്രഷർ പരിസരത്തെ റോഡുകൾ ടാർ ചെയ്തതോ കോൺക്രീറ്റ് ചെയ്തതോ ആവണം.

3. ക്രഷർ യൂണിറ്റിന്റെ ചുറ്റുപാടും മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതും ഒരു ഗ്രീൻബെൽറ്റ് ഉണ്ടാക്കേണ്ടതുമാണ്.

4. ക്രഷർ രാത്രി 6 മണിക്കുശേഷം രാവിലെ 6 മണിവരെ പ്രവർത്തിപ്പിക്കുവാൻ പാടില്ല.

സ്റ്റാൻഡേർഡുകൾ :

1. ക്രഷറിന്റെ സെന്റർ മുതൽ 40 മീറ്റർ അകലത്തിൽസസ്പെൻഡഡ് പർട്ടിക്കുലേറ്റ് മാറ്ററിന്റെ അളവ് 600 ug/m^3 എന്നതിൽ കൂടുവാൻ പാടില്ല.

2. ക്രഷർ യൂണിറ്റിന്റെ സൈറ്റ് ബൗണ്ടറിയിൽനിന്നും 1 മീറ്റർ അകലത്തിൽ ശബ്ദതീവ്രത ആ പ്രദേശത്തെ അനുവദനീയ ശബ്ദപരിധിക്കുള്ളിൽ ആയിരിക്കണം. കൂടാതെ അന്തരീക്ഷ വായുവിൽ പൊടിയുടെ (സസ്പെൻഡഡ് പാർട്ടിക്കുലേറ്റ് മാറ്റർ) അളവ് അനുവദനീയ പരിധിയായ 100 ug/m^3 എന്നതിൽ കൂടുവാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly